(ബി) ധാരാളം വ്യാപാര ഓർഡറുകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം ഓർഡറുകൾ യഥാസമയം നൽകാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മൂലധനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെല്ലിന്റെ കാസർഗോഡ് യൂണിറ്റ് ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്

(ബി) ഉണ്ട്.

(സി ആന്റ് ഡി) ഉണ്ട്. ആവശ്യമായ പ്രവർത്തന മൂലധനം അനുവദിക്കണമെന്ന കമ്പനിയുടെ അപേക്ഷ പരിഗണിച്ച് പ്രവർത്തനമൂലധന വായ്പ കിർഫ്ബിൽ നിന്നും വാങ്ങുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് 10 കോടി രൂപ പ്രവർത്തനമൂലധന വായ്പയായി അനുവദിക്കുന്നതിനുള്ള അപേക്ഷ കമ്പനി കിർഫ്ബിന് നൽകിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി പദ്ധതി

30 [3037] ഡോ. തോമസ് ഐസക്:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

" എം. വി. ജയരാജൻ:

" പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) പരമ്പരാഗത വ്യവസായങ്ങളിൽ ഓരോന്നിലും ഇപ്പോൾ എത്രപേർ വീതം തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ഫലമായി ഓരോന്നിലും കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി 500 കോടി രൂപയുടെ ഒരു പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്ക
ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) നിധിയുടെ രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.

(സി) കൈത്തറി മേഖലയിൽ ഉദ്ദേശം 1,75,000 പേരും ബാംബൂ മേഖലയിൽ ഏകദേശം 100,000 പേരും ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ ഏകദേശം 91,811 പേരും കയർ മേഖലയിൽ ഏകദേശം 8.75 ലക്ഷം പേരും കരകൗശല മേഖലയിൽ ഏകദേശം 98,000 പേരും തൊഴിൽ ചെയ്യുന്നുണ്ട്.

(ഡി) കൈത്തറി മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും അവ കൈവരിച്ച നേട്ടങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.† ബാംബൂ കോർപ്പറേഷൻ ഈറ്റ, പനമ്പ് ഉപയോഗിച്ച് ബാംബൂ ബോർഡ് നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറിയും, ബാംബൂ ബോർഡും, ഈറ്റ, പനമ്പ് മാർക്കറ്റ് ചെയ്യുന്നതിനുള്ള വില്പന-വിതരണ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി നൂൽപ്-നെയ്ത്ത് തൊഴിലാളികൾക്ക് ഇൻസെന്റീവ് അനുവദിച്ച് ഖാദി രംഗത്ത് സിൽക്ക് നെയ്ത്ത് ശക്തിപ്പെടുത്തി. 145 തറികൾ കൂടുതലായി സ്ഥാപിച്ചു. ബോർഡിന്റെ കീഴിൽ പുതുതായി നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ്, ചുരിദാർ നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിച്ചു. തേനീച്ച വളർത്തൽ പരിശീലനം, നെയ്ത്ത് പരിശീലനം, സോപ്പ് നിർമ്മാണം പരിശീലനം കൃാരി ബാഗ് നിർമ്മാണ പരിശീലനം, മാർജിൻ മണി പദ്ധതി പ്രകാരം 14531 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കി. വയനാട് ജില്ലയിൽ ഖാദി ഉൽപാദന കേന്ദ്രത്തിന് പുതുതായി ഒരു കെട്ടിടം നിർമ്മിച്ചു.

കയർ മേഖലയിൽ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യയുടെ സേവനങ്ങൾ ഉപയോഗിച്ച് ഒരു പഠനം നടത്തുകയും അവരുടെ ശുപാർശ കണക്കിലെടുത്ത് 2004-2005 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ആറ് പുതിയ പദ്ധതികൾ കൂടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. തൊണ്ട്, ചകിരി എന്നിവ സംഭരിക്കുന്നതിനുള്ള ധനസഹായം.
2. യന്ത്രവൽക്കരണം.
3. മാതൃകാ കയർ ഗ്രാമങ്ങൾ സ്ഥാപിക്കുക.
4. സ്വയം സഹായസംഘങ്ങളെ പ്രോൽസാഹിപ്പിക്കുക.
5. സ്വകാര്യ മേഖലയ്ക്കുള്ള പശ്ചാത്തലം ഒരുക്കുക.
6. കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടെയും വിപണന സാദ്ധ്യതകളെ കുറിച്ച് പഠനം നടത്തുക.

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[22-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 30 (3037) ദയവായി കാണുക.]

കൈത്തറി മേഖലയിൽ നടപ്പാക്കിയ പ്രധാനപ്പെട്ട പദ്ധതികളും കഴിഞ്ഞ 3 വർഷം കൊണ്ട് കൈവരിച്ച നേട്ടങ്ങളും

	പദ്ധതിയുടെ പേര്	*ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)*	*കൈവരിച്ച നേട്ടം*
1.	പ്രാഥമിക സംഘങ്ങൾക്ക് സർക്കാർ ഓഹരിപങ്കാളിത്തം	482.52	219 സംഘങ്ങൾക്ക് നൽകിയ ധനസഹായം ഉദ്ദേശം 10,950 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചു.
2.	ഹാങ്ക് യാൺ സബ്സിഡി	153.00	ശരാശരി കിലോയ്ക്ക് 15 രൂപ നിരക്കിൽ നൂലിന് സബ്സിഡി നൽകി.
3.	ഹാന്റ്ക്സ്, ഹാൻവീവ്—ഓഹരി പങ്കാളിത്തം	190.00	പ്രവർത്തനമൂലധനം, പ്രോഡക്ട് ഡവലപ്മെന്റ് എന്നീ ഇനങ്ങളിലായി തുക വിനിയോഗിച്ചു.
4.	യാൺ ബാങ്കുകൾക്ക് പ്രവർത്തന മൂലധനവായ്പ	140.00	ഹാന്റ്ക്സ്, ഹാൻവീവ്, യാൺ ബാങ്ക് എന്നിവയ്ക്ക് പ്രവർത്തന മൂലധന വായ്പ നൽകുന്നു. ഉദ്ദേശം ശരാശരി 15 കോടി രൂപയുടെ യാൺ വാങ്ങി വില്പന നടത്തുന്നു.
5.	പരിശീലന പരിപാടി	43.10	475 നെയ്ത്തുകാർക്ക് വിഗഗ്ദ്ധ പരിശീലനം, ഐ.എച്ച്.ടി.ടി. വഴി നെയ്ത്തുകാർക്ക് പരിശീലനം, 40 ഉദ്യോഗസ്ഥർക്ക് പരിശീലനം, ഹാന്റ് ലൂം ഡിപ്ലോമാ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്.
6.	ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ പുനരുദ്ധാരണം	89.98	ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ 10 കൺസോർഷ്യങ്ങൾക്ക് രൂപം നൽകി, 10 ഷോറൂമുകൾ സ്ഥാപിക്കാൻ ധനസഹായം നൽകി, പ്രവർത്തനമൂലധനം, പ്രോഡക്ട് ഡവലപ്മെന്റ് എന്നിവയ്ക്ക് ധനസഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI—(തുടർച്ച)

	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	കൈവരിച്ച നേട്ടം
7.	കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം	29.97	200 നെയ്ത്തുകാർക്ക് പരിശീലനം, പുതിയ ഉല്പന്നങ്ങൾക്ക് രൂപകല്പന നൽകി. 2 വർഷങ്ങളിലായി 18 പേർക്ക് സംസ്ഥാന അവാർഡ് നൽകി.
8.	മാർക്കറ്റിംഗ് & എക്സ്പോർട്ട്	85.00	ഹാന്റക്സ്, ഹാൻവീവ്-എക്സിബിഷൻ, ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ ഗ്രാന്റ് പ്രമോഷൻ സ്കീം, 195 സംഘങ്ങൾക്ക് എക്സിബിഷൻ ഗ്രാന്റ്, 5 സംഘങ്ങൾക്കും ഹാന്റക്സിനും എക്സ്പോർട്ട് ഇൻസെന്റീവ്.
9.	പ്രോജക്ട് പാക്കേജ് സ്കീം	374.85	106 സഹകരണസംഘങ്ങളിലും, ഹാന്റക്സിലും പ്രോജക്ട് പാക്കേജ് സ്കീം നടപ്പാക്കി. ഉദ്ദേശം 10,600 പേർക്ക് പ്രയോജനം ലഭിക്കുന്നു.
10.	ഹൗസ്-കം-വർക്ക്ഷെഡ് സ്കീം	254.72	സഹകരണമേഖലയിൽ 1882 നെയ്ത്തുകാർക്കും ഹാൻവീവിലെ 500 നെയ്ത്തുകാർക്കും വർക്ക്ഷെഡ്, ഹൗസ്-കം-വർക്ക്ഷെഡ് എന്നിവയ്ക്ക് ധനസഹായം നൽകി.
11.	കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം	91.94	4850 നെയ്ത്തുകാരെ ത്രിഫ്റ്റ് ഫണ്ടിൽ അംഗങ്ങളാക്കി.
12.	നാചുറൽ ഡൈ വികസന പദ്ധതി	100.00	ബാലരാമപുരം ഹാന്റ്ലൂം ഡവലപ്മെന്റ് സൊസൈറ്റി എന്ന എൻ.ജി.ഒ. വഴി നാചുറൽ ഡൈ വികസിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നു.
13.	ദീൻദയാൽ കൈത്തറി വികസന പദ്ധതി	3749.75	186 സംഘങ്ങളിൽ വികസന പദ്ധതി. ഉദ്ദേശം 380 സംഘങ്ങൾക്കും 3 വർഷത്തെ മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകി.
14.	റിബേറ്റ്	1879.00	ഹാന്റക്സിനും, ഹാൻവീവിനും പ്രാഥമിക സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly